## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 177** **04.11.2019-ൽ മറുപടിയ്ക്ക്**

## വിധവകൾക്കായുള്ള സഹായ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഒ. ആർ. കേളു<br>ശ്രീമതി. യു. പ്രതിഭ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കാരാട്ട് റസാഖ്** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വിധവകൾക്കായി സഹായ ഹസ്തം പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 2018-19 വർഷം മുതൽ ''സഹായം ഹസ്തം' പദ്ധതി നടപ്പിലാക്കിവരുന്നു. |
| (ബി) | വിധവകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയാണ് അനുവദിക്കുന്നത്; | (ബി) | വിധവകൾക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനായി 30,000/- രൂപ (ഒറ്റത്തവണ) ഒരു ജില്ലയിൽ നിന്നും ഒരു വർഷം 10 പേർക്ക് 'സഹായം ഹസ്തം' പദ്ധതി മുഖേന ധനസഹായം അനുവദിയ്ക്കുന്നു. |
| (സി) | അശരണരായ വിധവകളെ സംരക്ഷിക്കുന്ന ബന്ധുക്കൾക്ക് ധനസഹായം നൽകുന്ന അഭയകിരണം പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. 2017-18 വർഷം സംസ്ഥാനത്ത് നടപ്പിലാക്കിയ 'അഭയകിരണം' പദ്ധതിയുടെ തുടക്കത്തിൽ 200 ഗുണഭോക്താക്കൾക്കായി ആറുമാസ കാലത്തേയ്ക്ക് 12 ലക്ഷം രൂപയാണ് അനുവദിച്ചിരുന്നത്. 2018-19 വർഷം 69 ലക്ഷം രൂപയും ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചത് കാരണം അധികമായി 42,45,000/- രൂപയും ചേർത്ത് ആകെ 1,11,45,000/- രൂപ (ഒരു കോടി പതിനൊന്ന് ലക്ഷത്തി നാൽപ്പത്തയ്യായിരം രൂപ മാത്രം) ചെലവഴിയ്ക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും പ്രസ്തുത തുകയിൽ നിന്നും 1,09,97,000/- രൂപ (ഒരു കോടി ഒമ്പത് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം രൂപ മാത്രം) 776 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | അവിവാഹിതരായ അമ്മമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ആരംഭിച്ച സ്നേഹസ്പർശം പദ്ധതിയുടെ വിശദവിവരങ്ങൾ നൽകമോ? | (ഡി) | അവിവാഹിതരായ അമ്മമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ആരംഭിച്ച 'സ്നേഹസ്പർശം' പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് പ്രതിമാസം 2,000/- രൂപ നൽകിവരുന്നു. പ്രതിമാസം 1000/- രൂപയായിരുന്നത് 06/07/2018-ലെ സ.ഉ(സാധാ) നം.417/2018/സാ.നീ.വ ഉത്തരവ് പ്രകാരം 2018 ഏപ്രിൽ മാസം മുതൽ മുൻകാല പ്രാബല്യത്തോടെ 2000/- രൂപയായി വർദ്ധിപ്പിച്ചു. അപേക്ഷകർ 60 വയസ്സിന് താഴെ പ്രായമുള്ളവരും പുനർവിവാഹിതരല്ലാത്തവരും സർക്കാരിന്റെ മറ്റ് പെൻഷൻ പദ്ധതികളുടെ പ്രയോജനം ലഭിക്കാത്ത അവിവാഹിത അമ്മമാരായിരിക്കണം. ഇക്കാര്യങ്ങൾ അതാത് സ്ഥലത്തെ ശിശു വികസന പദ്ധതി ആഫീസർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന അപേക്ഷകൾ ആവശ്യമായ പരിശോധനയ്ക്കുശേഷം ധനസഹായത്തിനായി പരിഗണിക്കുന്നു. പെൻഷൻ ലഭിക്കുന്നവരുടെ ലൈഫ് സർട്ടിഫിക്കറ്റ് എല്ലാ വർഷവും സ്വീകരിക്കുകയും, മരണപ്പെടുകയോ, പുനർ വിവാഹിതരാകുകയോ ചെയ്താൽ സ്ഥലത്തെ ശിശു വികസന പദ്ധതി ഓഫീസർമാരുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഗുണഭോക്താവിനെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.